MATHRUBHUMI 26-11-2025

സമുദ്രോത്പന്ന കയറ്റുമതി

യുഎസ് കുരുക്കിനെ മറികടക്കാൻ പുതിയ വിപണികൾ പിടിച്ച് ഇന്ത്യ

ഷെഫീ ഖാനൂൻ
കൊച്ചി

▸ അമേരിക്കൻ തീരുവ പ്രഹരത്തിൽനിന്ന് കരകയറാനൊരുങ്ങി രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതിലക്ഷ്യം. യൂറോപ്പൻ യൂണിയൻ (ഇയു), റഷ്യ, ചൈന, യുഎഇ തുടങ്ങിയ വിപണികളിലേക്കുള്ള സാന്നിധ്യം ശക്തമാക്കാനുള്ള തയ്യാറെടുപ്പിലാണ് മേഖല. യുഎസിന് പുറത്ത് പുതിയ വിപണികളിലേക്ക് പ്രവർത്തനങ്ങളാരംഭിക്കുകയാണ് കയറ്റുമതി കൂട്ടിക്കൂട്ടി. ഇത് കേരളത്തിൽ നിന്നടക്കമുള്ള കയറ്റുമതി സമൂഹത്തിന് വലിയ ആശ്വാസമാണ്. തീരുവ കുടുക്കുമുറുക്കം നിലവിൽ കേരളത്തിലെ കയറ്റുമതിക്കേറ്റ പ്രതിസന്ധിയാണ്.

അമേരിക്ക കഴിഞ്ഞാൽ ഇന്ത്യയുടെ പ്രധാന വിപണി കളിലൊന്നാണ് യൂറോപ്പൻ യൂണിയൻ. അവിടത്തെ യൂറോപ്പൻ യൂണിയൻ 102 ഇന്ത്യൻ കമ്പനികൾക്ക് സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ അനുമതി നൽകി യിരുന്നു. ഇതിൽ കേരളത്തിൽനിന്നുള്ള ഏഴ് കമ്പനികളും ഉൾപ്പെടുന്നു. ഇതോടെ യൂറോപ്പൻ യൂണിയന്റെ അനുമതിയുള്ള കേരളത്തിലെ യൂണിറ്റുകളുടെ എണ്ണം 101 ആയി.

റഷ്യയിലേക്കുള്ള കയറ്റുമതിക്ക് 25 ഇന്ത്യൻ കമ്പനികൾക്ക് അനുമതി അനിവാര്യതയിലാണ്. ഇതിൽ കേരളത്തിൽനിന്ന് രണ്ട് യൂണിറ്റും ഉൾപ്പെടും. ഇവ ജൂലൂവരെ യുഎഇ വിപണിയിലേക്ക് പ്രവേശിക്കാനുള്ള പരിശ്രമങ്ങളും നടന്നുവരുകയാണ്. ഇതും മേഖലയ്ക്ക് ശുഭം- ചെയ്യും. ഇതിനിടെ, ജൂലൈ സമുദ്രോത്പന്ന അറക്ക് ചൈന നിരോധനം പിൻവലിച്ചതിലൂടെ ഇന്ത്യൻ കയറ്റുമതിക്കാർക്ക് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തൽ.

2024-25 സാമ്പത്തികവർഷം കേരളത്തിൽ സമുദ്രോത്പന്ന കയറ്റുമതി 7,133 കോടി രൂപയുണ്ടായിരുന്നു. യൂഎസ് കുടുക്കുകാരണം നടപ്പുസാമ്പത്തികവർഷം കയറ്റുമതിയിൽ കാര്യമായ മുന്നേറ്റങ്ങൾക്കുണ്ടാകുന്നുണ്ട് കയറ്റുമതിസമൂഹം പറയുന്നത്. പുതിയ വിപണികളിലേക്കുള്ള പ്രവേശനം 2026-27 സാമ്പത്തിക വർഷത്തോടെ പ്രകടമാകുമെന്ന് സിഎഫ്ടി എക്സിപോർട്ട് അസോസിയേഷൻ മാക് ഇന്ത്യ വിലയിരുത്തുന്നു.

പൊതുവെ ക്രിസ്മസ്, പുതുവത്സര സീസണിലേക്കുള്ള ബൾക്ക് ഓർഡറുകൾ മുന്നേറാൻ വിദേശ വിപണികളിൽ നിന്ന് ഇന്ത്യൻ സമുദ്രോത്പന്നങ്ങൾക്ക് ആവശ്യം ഉയരുന്നത്. പുതിയ വിപണികളിൽനിന്ന് ഇന്ധനവി മുതൽ ഓർഡറുകൾക്കു പുത്തനുണർവാണ് കരുതുന്നത്. പുതിയ വിപണിയിലേക്ക് പ്രവേശിക്കാൻ കേരളത്തിൽനിന്ന് കൂടുതൽ യൂണിറ്റുകൾക്ക് അനുമതി ലഭിക്കുമെന്നുമാണ് മേഖലയുടെ പ്രതീക്ഷ.

മൂല്യവർധിത ഉത്പന്നങ്ങളിൽ ശ്രദ്ധ

▸ മൂല്യവർധിത ഉത്പന്നങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (എപെഡ)ക്ക് പദ്ധതിയുണ്ട്. നിലവിൽ രാജ്യത്തെ മൂല്യവർധിത ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ 18.51 ശതമാനമാണ് കേരളത്തിന്റെ വിഹിതം. പുതിയ വിപണി പ്രവേശം, വിപണിം ഉയർത്താൻ കേരളത്തിന് സഹായകമാകും.

സമുദ്രോത്പന്ന കയറ്റുമതിയിൽ 16 ശതമാനം വർധന

കൊച്ചി: ഉയർന്ന തീരുവയുടെ പുറത്ത് അമേരിക്കയിലെ കുള്ള കയറ്റുമതിയിൽ ഇടിവുണ്ടായെങ്കിലും മറ്റു വിപണികളുടെ വളർച്ചയിൽ മുന്നേറുകയാണ് ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി. വിയറ്റ്നാം, ബെൽജിയം, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്കാണ് പെങ്കിൽ ഉൾപ്പെടെയുള്ളവരുടെ കയറ്റുമതിയിൽ വർധനയുണ്ടായിട്ടുള്ളത്.

നടപ്പുസാമ്പത്തികവർഷം ആദ്യ എട്ടുമാസക്കാലത്ത് (ഏപ്രിൽ-ഒക്ടോബർ) സമുദ്രോത്പന്ന കയറ്റുമതി 16.2 ശതമാനം ഉയർന്ന് 687 കോടി ഡോളറിലെത്തിയതായാണ് കണക്ക്. സമുദ്രോത്പന്ന കയറ്റുമതിയുടെ 63 ശതമാനം വരെ ചെമ്മീനും കൊഞ്ചുമാണ്.

ഇന്ത്യയുടെ പരമ്പരാഗത സമുദ്രോത്പന്ന വിപണി അമേരിക്കയായിരുന്നു. ഡൊണ്ടിൽ ഇന്ത്യയിൽനിന്നുള്ള ഉത്പന്നങ്ങൾക്ക് 50 ശതമാനം തീരുവ നടപ്പാക്കിയതോടെ അവിടെ കുള്ള കയറ്റുമതി ഗണ്യമായി കുറഞ്ഞു. 2024 ഏപ്രിൽ-ഒക്ടോബർ കാലയളവിൽ അമേരിക്കയിലേക്ക് 115 കോടി ഡോളറിന്റെ ചെമ്മീനും കൊഞ്ചുമാണ് കയറ്റുമതി ചെയ്തത്. ഈ വർഷം ഇക്കാലത്തിൽ 106.5 കോടി ഡോളറായി കുറഞ്ഞു. 7.43 ശതമാനമാണ് ഇടിവ്. അതേസമയം, ചൈനയിലേക്കുള്ള കയറ്റുമതിയിൽ 24.5 ശതമാനത്തിന്റെയും വിയറ്റ്നാമിലേക്ക് 123 ശതമാനത്തിന്റെയും ബെൽജിയത്തിലേക്ക് 94 ശതമാനത്തിന്റെയും വർധന രേഖപ്പെടുത്തി. ആഗസ്റ്റ് 10 ശതമാനം, റഷ്യ 49 ശതമാനം, ഗ്രീസ് 28.5 ശതമാനം, നെതർലാൻഡ് 12.79 ശതമാനം എന്നിങ്ങനെയാണ് വർധന.

അമേരിക്ക കഴിഞ്ഞാൽ ചെമ്മീൻ, കൊഞ്ച് എന്നിവയുടെ പ്രധാന വിപണിയായി ചൈന മാറി. ഏപ്രിൽ-ഒക്ടോബർ കാലത്ത് 56.8 കോടി ഡോളറിന്റെ കയറ്റുമതി നടന്നു. വിയറ്റ്നാമിലേക്ക് ഇവയുടെ കയറ്റുമതി 11.7 കോടി ഡോളർമിത്രം 26.17 കോടി ഡോളറായും കൂടി.